# പഴയ മനുഷ്യനും ജഡവും തമ്മിലുള്ള വ്യത്യാസം

സാക് പുന്നൻ

WFTW 14 മെയ് 2017

യോശുവയുടെ പുസ്തകത്തിലെ കനാൻദേശം, സ്വർഗ്ഗത്തിൻറെ ഒരു ചിത്രമല്ല. (ചില വിശ്വാസികൾ അവരുടെ പാട്ടുകളിൽ പാടുന്നതുപോലെ) കാരണം സ്വർഗ്ഗത്തിൽ കൊല്ലപ്പെടുവാനുള്ള മല്ലന്മാർ ആരുമില്ല! കനാൻ എന്നത് വസ്തവത്തിൽ ആത്മനിറവുള്ള ജയജീവിതത്തിൻറെ ഒരു വിവരണമാണ്, അവിടെ പാപത്തിൻറെ മല്ലന്മാർ നമ്മുടെ ജഡത്തിലുള്ള മോഹങ്ങൾ ക്രൂശിക്കപ്പെട്ടിരിക്കുന്നു. എല്ലാ മല്ലന്മാരും ഒരു നിമിഷം കൊണ്ടല്ല കൊല്ലപ്പെടുന്നത്. അവർ ഓരോരത്തരായി കൊല്ലപ്പെടുന്നു.

കനാനിലേക്കുള്ള യാത്രയിൽ യിസ്രായേൽ ജനതക്ക് 2 വെള്ളക്കെട്ടുകൾ കുറുകെ കടക്കേണ്ടതുണ്ടായിരുന്നു. ഒന്ന് ചെങ്കടൽ മറ്റൊന്ന് യോർദ്ദാൻ നദി. ഇവ രണ്ടും മരണത്തെക്കുറിച്ച് പറയുന്നു. 1 കൊരിന്ത്യർ 10ൽനാം കാണുന്നത് ചെങ്കടലിലൂടെ കടക്കുന്നത് ജലസ്നാനത്തിൻറെ ഒരു ചിത്രമായിട്ടാണ്. യോർദ്ദാൻ നദി മറ്റൊരു തരത്തിലുള്ള മരണത്തിൻറെ ഒരു ചിത്രമാണ്. ഇവിടെയാണ് 1500 വർഷങ്ങൾക്കുശേഷം സ്നാപകയോഹന്നാൻ യേശുവിനെ സ്നാനപ്പെടുത്തിയത്.

ക്രൂശിൽ നമ്മുടെ പഴയ മനുഷ്യൻ ദൈവത്താൽ ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്ന് വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു. ( റോമ. 6:6) . നമ്മുടെ പഴയ മനുഷ്യനെ ക്രൂശിക്കുവാൻ നമുക്കു കഴിയുകയില്ല. പഴയമനുഷ്യൻ (പാപം ചെയ്യാൻ ആഗ്രഹിക്കുന്ന മനസ്സ്) ക്രൂശിൽ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടു. ദൈവമാണതു ചെയ്തത്. എന്നാൽ നാം ക്രൂശിക്കേണ്ട മറ്റു ചില കാര്യങ്ങൾ ഉണ്ട് നമ്മുടെ ജഡം (നമ്മുടെ മോഹങ്ങളുടെ സംഭരണശാല). ഗലാത്യർ 5:24 പറയുന്നു, ‘ യേശു ക്രിസ്തുവിനുള്ളവർ തങ്ങളുടെ ജഡത്തെ അതിൻറെ രാഗമോഹങ്ങളോടു കൂടി ക്രൂശിച്ചിരിക്കുന്നു‘.

ജഡം എന്നത് പഴയമനുഷ്യനിൽ നിന്ന് വ്യത്യസ്തമാണ്. നമ്മുടെ ഹൃദയത്തെ അശുദ്ധമാക്കുവാൻ അതിനകത്തേക്ക് കടക്കുവാൻ ശ്രമിക്കുന്ന കൊള്ളക്കാരുടെ സംഘം പോലെയാണ് മോഹങ്ങൾ നിറഞ്ഞ നമ്മുടെ ജഡം. നമ്മുടെ ഹൃദയത്തിനു ള്ളിൽ താമസിച്ചുകൊണ്ട്, കൊള്ളക്കാർ മോഷ്ടിക്കാൻ വരുന്ന ഓരോ സമയവും, വാതിൽ തുറന്നുകൊടുക്കുന്ന അവിശ്വസ്തനായ വേലക്കാരനെ പോലെയാണ് നമ്മുടെ പഴയമനുഷ്യൻ. ഈ രണ്ടുപേരിൽ ദൈവം കൊല്ലുന്നതാരെയാണ് ? അവിടുന്ന് ഈ വേലക്കാരനെയാണ് കൊല്ലുന്നത്. കൊള്ള സംഘം അപ്പോഴും പൂർണ്ണ ആരോഗ്യത്തോടുകൂടി സർവ്വാത്മനാ അവിടെത്തന്നെയുണ്ട്. അതുകൊണ്ടാണ് രക്ഷിക്കപ്പെടുന്നതിനു മുമ്പ് നാം പ്രലോഭിപ്പിക്കപ്പെട്ട അതേ രീതിയിൽ തന്നെ രക്ഷിക്കപ്പെട്ടതിനു ശേഷവും നാം എല്ലാവരും പ്രലോഭിക്കപ്പെടുന്നത്. കൊള്ളക്കാർ ഇപ്പോഴുംജീവിച്ചിരിക്കുന്നു എന്നാണ് അതു തെളിയിക്കുന്നത്. അവർക്കിപ്പോഴും നമ്മുടെ ഹൃദയത്തിൽ കടക്കാൻ ആഗ്രഹമുണ്ട് നാം രക്ഷിക്കപ്പെട്ടതിനുശേഷം പോലും. എന്നാൽ നമ്മുടെ ഉള്ളിൽ മറ്റു ചിലത് മരിച്ചിരിക്കുന്നു കള്ളന്മാർക്കുവേണ്ടി വാതിൽ തുറന്നുകൊടുത്ത വേലക്കാരൻ ( പഴയ മനുഷ്യൻ). നാം വീണ്ടും ജനിച്ചപ്പോൾ ദൈവം അവനെ കൊല്ലുകയും പുതിയ ഒരു വേലക്കാരനെ നമ്മുടെ ഉള്ളിലാക്കുകയും ചെയ്യുന്നു കള്ളന്മാർക്കുവേണ്ടി വാതിൽ തുറന്നു കൊടുക്കുവാൻ ആഗ്രഹിക്കാത്ത ഒരു ഭൃത്യൻ. ഇപ്പോൾ പ്രലോഭനം നമ്മിലേക്കു വരുമ്പോൾ, പുതിയ വേലക്കാരൻ 'ഇല്ല' എന്നു പറയുന്നു. അപ്പോൾ പിന്നെ വിശ്വാസികൾ പാപത്തിൽ വീഴുന്നത് എങ്ങനെയാണ്? കാരണം അവർ പുതിയ വേലക്കാരനെ വേണ്ടവിധത്തിൽ തീറ്റിപോറ്റുന്നില്ല! അതുകൊണ്ട് കൊള്ളക്കാർക്കുനേരെ

വാതിലടയ്ക്കുവാൻ വേണ്ടത്ര ശക്തനല്ല അയാൾ. അപ്പോൾ കൊള്ളക്കാർ അകത്തേക്ക് തള്ളിക്കയറുന്നു. അങ്ങനെയാണ് ഒരു വിശ്വാസി പാപം ചെയ്യുന്നത്.

ഒരു വിശ്വാസി പാപം ചെയ്യുന്നതും ഒരു അവിശ്വാസി പാപം ചെയ്യുന്നതും തമ്മിൽ ഒരു വലിയ വ്യത്യാസം ഉണ്ട് കാരണം ഒരു വിശ്വാസി പാപം ചെയ്യാൻ ആഗ്രഹിക്കുന്നില്ല എന്നാൽ ഒരു അവിശ്വാസി പാപം ചെയ്യാൻ ആഗ്രഹിക്കുന്നു. നിങ്ങൾ യഥാർത്ഥത്തിൽ വീണ്ടും ജനിച്ചിട്ടുണ്ടോ ഇല്ലയോ എന്നറിയുന്നതിന് വാസ്തവത്തിലുള്ള ഒരു പരിശോധനയാണത്. നിങ്ങൾ പാപം ചെയ്യുന്നുണ്ടോ ഇല്ലയോ എന്നതല്ല വീണ്ടും ജനിപ്പിക്കപ്പെടുന്നതിൻറെ തെളിവ്, എന്നാൽ പാപം ചെയ്യാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ എന്നതാണ്. ഇപ്പോഴും നിങ്ങൾ പാപം ചെയ്യാൻ ആഗ്രഹിക്കുന്നെങ്കിൽ, നിങ്ങൾ രക്ഷിക്കപ്പെട്ടിട്ടില്ല എന്നു ഞാൻ പറയും. ജലസ്നാനം ആവശ്യപ്പെട്ടുകൊണ്ട് ആളുകൾ വരുമ്പോൾ ഞാൻ അവരോട് ഒരു ചോദ്യം ചോദിക്കാറുണ്ട്, ‘ ഇനി ഒരു തവണയെങ്കിലും പാപം ചെയ്യുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ?‘ ‘നിങ്ങൾ ഇനി പാപം ചെയ്യുമോ?‘ എന്നു ഞാൻ ചോദിക്കാറില്ല, കാരണം തങ്ങൾ പാപം ചെയ്യുകയില്ലെന്ന് ആർക്കും പറയാൻ കഴിയുകയില്ല. പാപം ചെയ്യാൻ ’ ആഗ്രഹിക്കുന്നത്’ പഴയ മനുഷ്യനാണ്.

പുതിയനിയമം പറയുന്നത് ഈ രണ്ടു മരണങ്ങളെക്കുറിച്ചാണ്. യിസ്രായേലിൻറെ ചരിത്രത്തിൽ ഇവ രണ്ടിനെയും മനോഹരമായി ചിത്രീകരിച്ചിരിക്കുന്നു. ഫറവോൻറെ സൈന്യം ഒരു നിമിഷം കൊണ്ട് ചെങ്കടലിൽ മുങ്ങിപ്പോയി. അത് പഴയ മനുഷ്യൻറെ ഒരു ചിത്രമാണ്. അതാരാണ് ചെയ്തത് ? ദൈവം പഴയ മനുഷ്യൻ ക്രൂശിൽ ദൈവത്താൽ ക്രൂശിക്കപ്പെട്ടു. അതിനുശേഷം യിസ്രായേല്യർ യോർദ്ദാൻ കടന്നു, അത് മറ്റൊരു മരണത്തെക്കുറിച്ചു പറയുന്നു. നമ്മുടെ മോഹങ്ങൾക്ക് നാം ക്രിസ്തുവിനോട് ചേർന്ന് ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്ന് നാം അംഗീകരിക്കുന്നു. ക്രിസ്തുവിനുള്ളവർ തങ്ങളുടെ മോഹങ്ങളോട് ഈ മനോഭാവം പുലർത്തുന്നു. മോഹങ്ങൾ എല്ലാം ഇപ്പോഴും അവിടെത്തന്നെയുണ്ട്. കൂടാതെ മല്ലന്മാർ ഇപ്പോഴും ദേശം വാഴുകയുമാണ്. എന്നാൽ യോശുവയും യിസ്രായേല്യരും മല്ലന്മാരെ ഓരോരുത്തരെയായി കൊല്ലുവാൻ തീരുമാനിച്ചു. നാം പ്രലോഭിക്കപ്പെടുമ്പോൾ നാം തന്നെയാണ് നമ്മുടെ മോഹങ്ങളെ ഓരോന്നോരോന്നായി കൊല്ലേണ്ടത്. ദൈവാത്മാവ് നമുക്കു തരുന്ന ശക്തിയാൽ നാം തന്നെ ജഡത്തിൻറെ പ്രവൃത്തികളെ മരണത്തിനേൽപ്പിക്കേണ്ടതുണ്ട് (റോമ 8:13). ഈജിപ്ത്കാരുടെ സൈന്യത്തെ ദൈവം ഒരു നിമിഷം കൊണ്ട് മുക്കി കളഞ്ഞതിൽ നിന്നും വളരെ വ്യത്യസ്തമാണിത്.

ദൈവ വചനം വളരെ കൃത്യമായാണ് പുതിയ നിയമത്തിൽ പ്രയോഗിക്കപ്പെട്ടിരിക്കുന്നത്. നാം നമ്മെത്തന്നെ പരിശുദ്ധാത്മാവിന് തുറന്നുകൊടുമെങ്കിൽ, മറയ്ക്കപ്പെട്ടിരിക്കുന്ന ഈ കാര്യങ്ങൾ അവിടുന്ന് നമുക്കുവെളിപ്പെടുത്തിതരും. വേദപുസ്തകം ആവേശമുണർത്തുന്ന ഒരു പുസ്തകമാണ്. പുതിയ ഉടമ്പടി ജീവിതത്തിൻറെ പഴയ നിയമ സൂചകോപദേശത്തിൽ അത് വളരെ പൂർണ്ണതയുള്ളതും കൃത്യമായതുമാണ്. പഴയ നിയമത്തിലെ ദൈവഭക്തരായ ആളുകൾ അന്ന് ഇതെല്ലാമൊന്നും മനസ്സിലാക്കിയിരുന്നില്ല, എന്നാൽ ഇന്ന് ഈ സംഭവങ്ങൾ എന്തിനെ ദൃഷ്ടാന്തീഭവിപ്പിക്കുന്നു എന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. വിവിധ മോഹങ്ങളാകുന്ന മല്ലന്മാരാൽ അനേക വർഷങ്ങളായി ഭരിക്കപ്പെട്ടിരുന്ന നമ്മുടെ ശരീരത്തിൻറെ പ്രതീകമാണ് കനാൻ ദേശം. എന്നാൽ നാം ആ മല്ലന്മാർക്കു നേരെ ഇങ്ങനെ പറയുന്ന ഒരു നിലപാടെടുത്തു ‘ഞാൻ എന്നെ തന്നെ പാപത്തിന് മരിച്ചവനായി കണക്കാക്കാൻ പോകുകയാണ്‘. നാം നാൾതോറും ക്രൂശെടുക്കേണ്ടതുണ്ടെന്ന് യേശുപറഞ്ഞു. അത് പഴയ മനുഷ്യനെ കൊല്ലുന്ന കാര്യമല്ല. പഴയമനുഷ്യൻ നേരത്തെ തന്നെ ക്രൂശിക്കപ്പെട്ടു. ക്രൂശെടുക്കുക എന്നാൽ നമ്മുടെ സ്വന്തഇഷ്ടത്തെ (അതിനെയാണ് വേദപുസ്തകം നമ്മുടെ ’ജഡം’ എന്നു വിളിക്കുന്നത്) പരിശുദ്ധാത്മാവിൻറെ ശക്തിയിൽ നാൾതോറും മരണത്തിനേൽപ്പിക്കുക എന്നാണ്.

നിങ്ങൾ നിങ്ങളുടെ ജീവിതത്തിൽ പാപത്തോട് ഒരു അയഞ്ഞ നിലപാട് സ്വീകരിക്കുകയാണെങ്കിൽ, നിങ്ങൾക്ക് പഴയ മനുഷ്യനെ ഒരിക്കൽ കൂടി ധരിക്കുവാൻ കഴിയും ( എഫെ. 4:22) ‘ ജഡത്തെ അനുസരിച്ച് ജീവിക്കുന്നതിൽ തുടരുന്ന‘ ഒരാൾ ആത്മീയമായി മരിക്കും യാൾ ഒരിക്കൽ ജീവിച്ചിരുന്നവനായിരുന്നെങ്കിലും (വിശ്വാസികൾക്കുവേണ്ടി എഴുതപ്പെട്ടിരിക്കുന്ന റോമ 8:13 ഈ കാര്യത്തിന്മേൽ വളരെ വ്യക്തത നൽകുന്നു).